# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഫെബ്രുവരി 7**

---

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ഒന്ന് മുതൽ നാലു വരെ സെമസ്റ്ററുകൾ ബി.എസ്.സി നേഴ്സിംഗ്(2016 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയ്ക്ക് മാർച്ച് നാലു വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

മാർച്ച് അഞ്ചു വരെ ഫൈനോടു കൂടിയും മാർച്ച് ഏഴിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................

മാർച്ച് അഞ്ചിന് ആരംഭിക്കുന്ന രണ്ടാം വർഷ എം.എസ്.സി മെഡിക്കൽ മൈക്രോബയോളജി(2021 അഡ്മിഷൻ റഗുലർ, 2019-2020 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി 19 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഫെബ്രുവരി 20ന് ഫൈനോടു കൂടിയും ഫെബ്രുവരി 21ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

..........................

ഒന്നാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി/എം.എ(പുതിയ സ്കീം - 2023 അഡ്മിഷൻ റഗുലർ, 2021,2022 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും, 2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾക്ക് ഫെബ്രുവരി 20 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഫെബ്രുവരി 21ന് ഫൈനോടു കൂടിയും ഫെബ്രുവരി 22ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/135/2024)

## അപേക്ഷാ സമയപരിധി നീട്ടി

ആറാം സെമസ്റ്റർ സിബിസിഎസ്എസ്(2013 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്), ആറാം സെമസ്റ്റർ സിബിസിഎസ്എസ് സൈബർ ഫോറൻസിക്(2017,2018 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി 12 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഫെബ്രുവരി 13ന് ഫൈനോടു കൂടിയും ഫെബ്രുവരി 14ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/136/2024)

## പരീക്ഷാ ടൈം ടേബിൾ

മൂന്നാം സെമസ്റ്റർ സിബിസിഎസ്എസ്(2015,2016 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്), മൂന്നാം സെമസ്റ്റർ സിബിസിഎസ്എസ് സൈബർ ഫോറൻസിക്(2015 മുതൽ 2018 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) സെപ്റ്റംബർ 2023 പരീക്ഷയിൽ കൂടുതൽ പേപ്പറുകൾ ഉൾപ്പെടുത്തി. പരീക്ഷകൾ ഫെബ്രുവരി 16 മുതൽ വിവിധ തീയതികളിൽ നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

.......................

അഞ്ചാം സെമസ്റ്റർ സിബിസിഎസ്എസ്(2014 മുതൽ 2016 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2013 അഡ്മിഷൻ മെഴ്സി ചാൻസ്), അഞ്ചാം സെമസ്റ്റർ സിബിസിഎസ്എസ് സൈബർ ഫോറൻസിക്(2014 മുതൽ 2018 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയിൽ ഫണ്ടമെൻറൽസ് ഓഫ് അനിമേഷൻ(ബി.എ വിഷ്വൽ ആർട്സ്), എൻവയോൺമെൻറൽ സയൻസ്(മൈക്രോബയോളജി-ഓപ്പൺ കോഴ്സ്) എന്നീ പേപ്പറുകൾ ഉൾപ്പെടുത്തി. പരീക്ഷകൾ മാർച്ച് അഞ്ചിന് നടക്കും.

(പി.ആർ.ഒ/39/137/2024)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ എം.എസ്.സി ഹോം സയൻസ്(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021,2022 അഡ്മിഷനുകൾ സപ്ലിമെൻററി - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 23 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.....................................

മൂന്നാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ്(സിഎസ്എസ് - 2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - നവംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 12ന് ഇടപ്പള്ളി സ്കൂൾ ഓഫ് ടെക്നോളജി ആൻറ് അപ്ലൈഡ് സയൻസിൽ നടക്കും. ടൈം ടേബിൾ വെബ്സൈ റ്റിൽ.

(പി.ആർ.ഒ/39/138/2024)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ പിജിസിഎസ്എസ് എം.എ സംസ്കൃതം സ്പെഷ്യൽ റിവൈസ്ഡ് ന്യായ, സാഹിത്യ, വേദാന്ത, വ്യാകരണ(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 22 വരെ ഓൺലൈനിൽ സമർപ്പിക്കാം.

......................

2023 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംബിഎ(2018 അഡ്മിഷൻ സപ്ലിമെൻററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 22 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/139/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**